

# SECOND TERM EVALUATION 2024-25

## ADISTHANA PADAVALI CLASS 9th


**ANSWER KEY BY: SURESH AREEKODE, HST ,GVHSS KIZHUPARAMBA,MALAPPURAM. PH:9562521509**


| | | |
|---|---|---|
| 1. | രാജാവ് തോൽക്കാതിരിക്കാൻ | |
| 2. | സോദരന്മാർക്ക് സ്നേഹവും കരുതലും നൽകുന്ന | |
| 3. | തൊണ്ട, അടച്ച - തൊണ്ടയടച്ച | |
| 4. | മകൾ അതിവേഗത്തിൽ അമ്മയുടെ അരികിൽ എത്തി | |
| 5. | ആധുനിക സംവിധാനങ്ങൾ ഉള്ള വിദ്യാലയം | |
| 6. | • അവസരങ്ങൾ ഉചിതമായ രീതിയിൽ പ്രയോജനപ്പെടുത്തുക<br>• കഴിവുകളിൽ ലിംഗഭേദങ്ങൾ ഇല്ല .അഹങ്കാരമില്ല. വിനയഭാവം<br>• നമ്മുടെ കഴിവുകൾ എല്ലാ അവസരങ്ങളിലും വിനിയോഗിക്കുന്നതിലൂടെ ആത്മവിശ്വാസം വർദ്ധിക്കും [2 സൂചന] | |
| 7. | • വിശ്രുത ചിത്രകാരന്മാരുടെ പ്രധാന ചിത്രങ്ങൾ ചുമരിൽ തൂക്കിയിട്ടിരിക്കുന്നു .<br>• അതിനുപുറമേ ഒരു പ്രത്യേക ചിത്രകലാ പ്രദർശന മുറിയും ഉണ്ട്. | |
| 8. | • തേങ്ങാത്തരി പൂ പോലെ കൊമ്പിലെടുത്ത് ഉയർത്തുന്ന സദൃശ്യ കൽപ്പന/ഉപമ<br>• ഉറുമ്പിന്റെ നടത്തത്തിന്റെ ഭംഗി. ആറുകാലുകൾ ചന്തത്തിൽ,താളത്തിൽ എന്ന് വർണ്ണിച്ചിരിക്കുന്നു[ആദ്യത്തെ രണ്ടു വരിയൽ - ആദ്യാക്ഷരപ്രാസം, അന്ത്യാക്ഷര പ്രാസം] | |
| 9. | • ആ കാലഘട്ടത്തിലെ സ്ത്രീകൾ ആരും പുറത്തിറങ്ങാറുണ്ടായിരുന്നില്ല<br>• ഒരു സ്ത്രീയായി ചെന്നാൽ അവസരങ്ങൾ  നഷ്ടപ്പെടുന്നതായിരുന്നു.<br>• കഴിവുകൾ /ആയുധവിദ്യ പ്രദർശിപ്പിക്കാൻ  അവസരം ലഭിക്കില്ലായിരുന്നു<br>• വേദികൾ അന്വേഷിച്ച് ചെന്നിരുന്നില്ല.<br>• **എന്നാൽ ഇന്ന് അവസ്ഥ മാറി.** ഇന്ന് കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് അനുകൂലവസരങ്ങൾ ഉപയോഗിക്കുന്നതിനും ലിംഗഭേദമില്ലാത്ത സമൂഹമാണ്<br>• സമൂഹത്തിൽ സ്ത്രീക്കും പുരുഷനും തുല്യ അവകാശങ്ങൾ ഉണ്ട് .<br>• ഭരണരംഗത്ത്, വിദ്യാഭ്യാസരംഗത്ത് തുടങ്ങിയ എല്ലാ മേഖലയിലും സ്ത്രീകളുടെ മികച്ച ഇടപെടലുകൾ ഇന്നുണ്ട്. | |
| 10 | **ചലച്ചിത്രപ്രദർശനം**<br><br>**കിഴുപറമ്പ്,**<br>**1.12.2024.**<br>**പ്രിയമുള്ളവരേ,**<br>**നമ്മുടെ വിദ്യാലയത്തിലെ കൈരളി ഫിലിം ക്ലബ്ബിന്റെ നേതൃത്വത്തിൽ "ആട് ജീവിതം" സിനിമ പ്രദർശനം സംഘടിപ്പിക്കുന്നു. ബെന്യാമിന്റെ നോവലിന് തിരക്കഥയും സംവിധാനവും** | |

SURESH AREEKODE

| | | |
|---|---|---|
| | **നിർവഹിച്ചിരിക്കുന്നത് പ്രമുഖ സംവിധായകനും തിരകഥാകൃത്തുമായ ബ്ലെസ്സി ആണ് .**<br>**5 .12 .2024 ഉച്ചയ്ക്ക് 1 മണിക്ക് 'കിരണം തീയേറ്ററി'ലാണ് പ്രദർശനം നടക്കുന്നത് .**<br><br>**എല്ലാ കുട്ടികളും രക്ഷിതാക്കളും ചലച്ചിത്രപ്രദർശനം കാണാൻ കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.**<br><br>**എന്ന്,**<br>**വിശ്വസ്തതയോടെ,**<br>**സെക്രട്ടറി , കൈരളി ഫിലിംസ് ക്ലബ്ബ് ,**<br>**ജി.വി.എച്ച് .എസ് .എസ്.കീഴുപറമ്പ്**<br><br>**കീഴുപറമ്പ്.,**<br>**1.12.2024.** | |
| 11. | • ഉറുമ്പ് പ്രതിസന്ധികളിൽ തളരുന്നില്ല .നിരന്തര ശ്രമം.<br>• ചെറിയ ജീവി. ചെടി,ഇല പാറക്കഷണങ്ങൾ, മണൽത്തരി എല്ലാം വലിയ പ്രതിസന്ധിയാണ്<br>• അതിലൊന്നും ഭയപ്പെടാതെ ചെറിയ ശരീരം വെച്ച് കഠിനമായ ശ്രമത്തിലൂടെ മുന്നോട്ടുപോകുന്നു.<br>• ചെറിയ പ്രയാസങ്ങളിൽ പോലും മാനസികമായി തളർന്ന് പകച്ചു പോകുന്നവർക്ക് മാതൃകയാകുന്ന ആയാസമില്ലാച്ചുമട്ടുകാരി(ഉറുമ്പ്). | |
| 12. | • അമ്മയുടെ വാർധക്യത്തിലേക്കുള്ള എഴുത്തുകാരിയുടെ നോട്ടം<br>• വാർധക്യത്തിൽ ഓർമ്മ നഷ്ടപ്പെട്ട് താൻ എന്താണെന്ന് പോലും തിരിച്ചറിയാൻ കഴിയാത്ത അമ്മ<br>• അമ്മയുടെ ഓർമ്മകളിൽ നിറയുന്ന സ്വന്തം മകൾ ഇന്നില്ല.<br>• മക്കളുടെ വളർച്ച ,മക്കളുടെ രോഗങ്ങൾ,മക്കളുടെ ഭാവി എന്നിങ്ങനെ പലതരത്തിലുള്ള ആധികളുമായി കഴിഞ്ഞിരുന്ന ***അമ്മക്കാലം*** ഓർക്കുന്നത്. | |
| 13. | • അപ്പൂപ്പൻതാടിയുടെ പറക്കത്തെ വിനീതമായ ശ്രമമായി കാണാം.<br>• ലളിതമായി ആവിഷ്കരിക്കുന്ന യാത്ര.<br>• ഒരു വിത്തിന്റെ യാത്രയെ മഹത്തായ ജീവിതയാത്രയായി ആവിഷ്കരിക്കുന്നു.<br>• വീണുപോകുന്നിടത്ത് ഒരു സ്മാരകമായി ഉയർന്നു വന്നേക്കാവുന്ന അപ്പൂപ്പൻതാടി.<br>• ഇല്ലാതാകുന്നില്ല.അവിടെ മുളച്ചുപൊന്തി മരമായി വളരും. സ്മാരകമാകും. | |

SURESH AREEKODE

| | | |
|---|---|---|
| | • പ്രകൃതി പങ്കുവെക്കുന്ന ചെറിയ ജീവികളുടെ വലിയ ജീവിതപാഠം ആവിഷ്കരിച്ചിരിക്കുന്നു | |
| 14 | • ജീവിതത്തിൽ എന്നും സന്തോഷവും സുഖവും മാത്രമായിരിക്കണം എന്നില്ല.<br>• ജീവിതത്തിൽ എന്ത് കഠിനമായ അനുഭവം വന്നാലും സ്വീകരിക്കണം<br>• അതിനെ നന്മയാക്കി മാറ്റാൻ കഴിയണം.<br>• കഠിനമായതിനെ/ പ്രയാസമായതിനെ /പ്രതിസന്ധികളെ /അതിജീവിക്കാൻ കഴിയണം.<br>• പ്രതിസന്ധികളെ ആത്മവിശ്വാസത്തോടെ നേരിടാനും ജീവിതത്തെ സുന്ദരമാക്കാനും കഴിയണം | |
| 15. | **പ്രഭാഷണ ഘടന/ശൈലി പാലിച്ചിട്ടുണ്ട്**<br>• നിസ്സാര ജീവിയായ ഉറുമ്പിന്റെ നിരന്തരമായ അധ്വാനം<br>• വ്യത്യസ്തമായ ജീവിതം<br>• ഉറുമ്പ് തന്റെ പരാജയങ്ങളിൽ അടിയറവുപറയാതെ, രാപകൽ അധ്വാനിക്കുന്നു<br>• മറ്റുള്ളവർക്കും മാതൃക<br>**ദയ:-**പ്രതിസന്ധികളിൽ തളരരുത് എന്ന പാഠം നൽകുന്ന കഥാപാത്രം /കഥ<br>• നമ്മുടെ കഴിവുകൾ എല്ലാ അവസരങ്ങളിലും വിനിയോഗിക്കുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കും<br>• ദയ ആത്മവിശ്വാസത്തിന്റെ പ്രതീകം<br>• പ്രതിസന്ധികളെ ധൈര്യപൂർവ്വം നേരിടുന്നു<br>• അവസരങ്ങളെ നന്നായി പ്രയോജനപ്പെടുത്തുന്നു | |
| 16 | **നമസ്കാരം,**<br>**അഭിമുഖത്തിനായി എത്തിയിട്ടുള്ള താങ്കൾക്ക് ഞങ്ങളുടെ സ്ഥാപനത്തിലേക്ക് ഹൃദ്യമായ സ്വാഗതം**<br>**ചോദ്യങ്ങൾ :**<br>**1)** പ്രതിസന്ധികളെ കരുത്തോടെ നേരിട്ട വ്യക്തിയാണല്ലോ താങ്കൾ. താങ്കളെ പ്രേക്ഷകർക്കൊന്ന് സ്വയം പരിചയപ്പെടുത്താമോ ?<br>**2)**രാജ്യസമക്ഷത്തിൽ താങ്കൾ എത്തിയ സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?<br>3) രാജ്യസഭാമണ്ഡപ പരിസരത്ത് വെച്ച് നടന്ന അമ്പെയ്ത്ത് മത്സരം ഏറെ ഹൃദ്യമായിരുന്നു. ആ മത്സരത്തെക്കുറിച്ചുള്ള താങ്കളുടെ അനുഭവങ്ങൾ പങ്കുവെക്കാമോ?<br>4)അക്രമശാലിയായ ഒരു കുതിരയുടെ പുറത്താണ് യാത്ര ചെയ്യേണ്ടത് എന്ന് | |

SURESH AREEKODE

| | | |
|---|---|---|
| | സേനാപതി അറിയിച്ചിട്ടും ആ വാക്കുകളിൽ ഭയപ്പെടാതെ മുന്നോട്ടു പോകാൻ താങ്കൾക്കുള്ള പ്രചോദനം എന്തായിരുന്നു ?<br>5)രാജാവുമായുള്ള ചതുരംഗത്തിൽ വിജയിക്കാൻ കഴിയുമായിരുന്നിട്ടും സമാസമത്തിൽ നിർത്തിയത് എന്തിനായിരുന്നു ? അതിലെ തന്ത്രമെന്തായിരുന്നു?<br>6)പ്രതിസന്ധികളെ കരുത്തോടെ നേടുന്ന ദയയുടെ ആത്മവിശ്വാസവും കരുത്തും ജനങ്ങൾക്കെന്നും പ്രചോദനമാണ് .പുതുതലമുറയിൽ ഉള്ള വ്യക്തികൾക്ക് താങ്കൾക്ക് നൽകാനുള്ള ഉപദേശം എന്താണ്? | |
| 17. | • **മുഖപ്രസംഗ ഘടന/ശൈലി പാലിച്ചിട്ടുണ്ട്**<br>വാർദ്ധക്യത്തിലെ പരിഗണന ഔദാര്യമല്ല അവകാശമാണ്<br>• **പത്രവാർത്ത:** വൃദ്ധമാതാവിനെ ഉപേക്ഷിച്ച് രക്ഷപ്പെടുന്ന മക്കൾ<br>• വാർദ്ധക്യത്തിൽ രക്ഷിതാക്കൾക്ക് സംരക്ഷകരാകേണ്ടത് മക്കളാണ്<br>• കടമ മറക്കുന്ന മക്കൾ വൃദ്ധരായ രക്ഷിതാക്കളെ അഗതിമന്ദിരങ്ങളിലോ, അനാഥാലയങ്ങളിലോ തള്ളുന്നത്<br>• **തഥാഗത:** അമ്മയുടെ പ്രയാസം നിറഞ്ഞ അവസ്ഥയിലും അമ്മയോടൊപ്പം നിൽക്കുന്ന മകൾ<br>• അമ്മയുടെ ഓർമ്മകളിൽ മകളായ തനിക്ക് സ്ഥാനമുണ്ടോയെന്ന് അറിയില്ല എങ്കിലും കൂടെ നിൽക്കുന്നു<br>• മാതാപിതാക്കളെ ഉപേക്ഷിക്കുന്ന സമൂഹത്തിൽ തഥാഗതയിലെ മകൾ മാതൃകയാകുന്നു<br>• കരുതൽ,പരിഗണന ,സ്നേഹം വാർദ്ധക്യത്തിന്റെ അവകാശങ്ങളാണ്<br>• മക്കൾക്ക് വേണ്ടി ഒരായുസ്സ് മുഴുവൻ ത്യാഗം ചെയ്തവരാണ് മാതാപിതാക്കൾ<br>• അമ്മമാർ ഉറങ്ങേണ്ടത് വൃദ്ധസദനങ്ങളിൽ അല്ല .<br>• മക്കളുടെ താങ്ങും തണലും ആണ് വാർദ്ധക്യത്തിൽ അവർക്ക് തുണയാകേണ്ടത് | |
| | | |
| | | |
| | | |
| | | |

SURESH AREEKODE